**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 678** **11-06-2024 - ൽ മറുപടിയ്ക്ക്**

**വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി ടൗണിലും പരിസര പ്രദേശത്തും, വേളം ഗ്രാമ പഞ്ചായത്തിലെ മാമ്പ്രമല എന്ന പ്രദേശത്തും, മണിയൂർ ഗ്രാമ പഞ്ചായത്തിലെ കുറുന്തോടിയിലും ആയഞ്ചേരിയിലെ കീരി അങ്ങാടിയിലും അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എ) | പ്രസരണ വിഭാഗത്തിൽ കുറ്റ്യാടി ടൗണിലും പരിസരപ്രദേശങ്ങളായ വേളം, മാമ്പ്രമല, മണിയൂർ, കുറുന്തോടി, ആഴഞ്ചേരി എന്നിവിടങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കുറ്റ്യാടി മണ്ഡലത്തിൽ ഒരു പുതിയ 110 kV സബ്സ്റ്റേഷൻ നിർമ്മിക്കാൻ 13 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി, മണിയൂർ വില്ലേജിന്റെ കീഴിൽ വരുന്ന നാല് സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ രേഖകൾ പരിശോധിച്ച്, ബോർഡിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനായി നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>വിതരണ വിഭാഗത്തിന് കീഴിൽ കുറ്റ്യാടി ടൗണിന്റെ പരിസരപ്രദേശത്തെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമായി 300 മീറ്റർ സിംഗിൾ ഫെയ്സ് ലൈൻ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തി 2024-25 വർഷത്തിലെ ദ്യുതി വർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വേളം പഞ്ചായത്തിലെ മാമ്പ്രമല എന്ന സ്ഥലത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 500 മീറ്റർ 11 kV ലൈൻ വലിച്ച് 100KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള വർക്ക് RDSSന്റെ രണ്ടാം ഘട്ടമായ മോഡേണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് വർക്ക് ചെയ്യുന്നതാണ്. കീരിയങ്ങാടി ഭാഗത്ത് 500 മീറ്റർ 11 കെ.വി ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി RDSS മോഡേണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിക്കായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന് സമർപ്പിച്ചിരിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | ഈ കഴിഞ്ഞ വേനൽക്കാലത്ത് വൈദ്യുതി ഉപഭോഗത്തിലെ അനിയന്ത്രിതമായ വർദ്ധനവു കാരണം സിസ്റ്റം വോൾട്ടേജിൽ ഉണ്ടായ കുറവുമൂലം വോൾട്ടേജ് ക്ഷാമം വടകര മേഖലയിൽ വ്യാപകമായി അനുഭവപ്പെട്ടിട്ടുണ്ട്. വടകര ഡിവിഷനിൽ വരുന്ന കീരിയങ്ങാടി ഭാഗത്ത് ചാലിക്കുനി-കീരിയങ്ങാടി 200 മീറ്റർ ലൈൻ കൺവെർഷൻ പ്രവൃത്തി നടത്തിയതിന്റെ ഭാഗമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെട്ടിട്ടുണ്ട്. കുറുന്തോടി പ്രദേശത്ത് വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്. വോൾട്ടേജ് ക്ഷാമവുമായി ബന്ധപ്പെട്ട് മറ്റ് പരാതികൾ ഒന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ